# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1814     16.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**ഓപ്പറേഷൻ കുബേര**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊള്ളപ്പലിശക്കാരെയും ബ്ലേഡ്മാഫിയക്കാരെയും കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഓപ്പറേഷൻ കുബേര എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം നടപടികൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോവുകയും സംസ്ഥാനത്തൊട്ടാകെ നിരവധിപേരെ അറസ്റ്റ് ചെയ്യുകയും അനവധി രേഖകളും മറ്റും പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാവുന്നതാണ്. |
| (ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയിലൂടെ എത്ര ധനകാര്യസ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; ഇതിൽ ക്രമക്കേടുകൾ കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയിലൂടെ (11.05.2014 മുതൽ 28.06.2014 വരെ) 777 ധനകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; ഇതിൽ ക്രമക്കേടുകൾ കണ്ടെത്തിയ 118 സ്ഥാപനങ്ങൾക്കെതിരെയും, 241 വ്യക്തികൾക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) നിയമാനുസൃതമല്ലാത്ത പണമിടപാട് സ്ഥാപനങ്ങൾക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും കൊള്ളപ്പലിശക്കാരെയും ബ്ലേഡുമാഫിയക്കാരെയും നിയന്ത്രിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | Districts | ഓപ്പറേഷൻ കുബേര | | |
|---|---|---|---|---|
| | | പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ എണ്ണം | ഇതിൽ ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങളുടെ എണ്ണം | ഇതിൽ നടപടി സ്വീകരിച്ച വ്യക്തികളുടെ എണ്ണം |
| 1 | TVPM CITY | 14 | 1 | 2 |
| 2 | TVPM RL | 0 | 0 | 0 |
| 3 | KLM CITY | 43 | 25 | 46 |
| 4 | KLM RL | 105 | 10 | 10 |
| 5 | PTA | 44 | 3 | 5 |
| 6 | ALPY | 113 | 9 | 19 |
| 7 | KTM | 55 | 07 | 15 |
| 8 | IDK | 50 | 3 | 3 |
| 9 | EKM CITY | 36 | 5 | 12 |
| 10 | EKM RL | 120 | 18 | 25 |
| 11 | TSR CITY | 14 | 10 | 21 |
| 12 | TSR RL | 45 | 9 | 61 |
| 13 | PLKD | 29 | 3 | 3 |
| 14 | MPM | 5 | 5 | 7 |
| 15 | KKD CITY | 23 | 2 | 2 |
| 16 | KKD RL | 28 | 3 | 3 |
| 17 | WYND | 28 | 4 | 5 |
| 18 | KNR | 24 | 0 | 0 |
| 19 | KSGD | 1 | 1 | 2 |
| | Total | 777 | 118 | 241 |

Mathew
സെക്ഷൻ ഓഫീസർ